II ഇ.ബി.XIV-കേരള നിയമസഭ/V-12

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മേയ് 12, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

40(* 361 ) ഇക്കോ ടൂറിസം

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, വനസംരക്ഷണത്തെപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും വന വിഭവങ്ങളുടെ വിപണനത്തിലൂടെ വനാശ്രിത ജനതയുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുകയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് പരിസ്ഥിതിയുടെ തനിമ നിലനിർത്തുകയും സന്ദർശകരിൽ നിന്നും ഫീസ് ഈടാക്കി സാമ്പത്തിക സുസ്ഥിരത, പരിസ്ഥിതി വിദ്യാഭ്യാസം, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുകയുമാണ് ഇക്കോ ടൂറിസം

പദ്ധതിയുടെ ലക്ഷ്യമെന്ന് സഭയെ അറിയിച്ചു. 29 വനം ഡിവിഷനുകളുടെ കീഴിലുള്ള 60 കേന്ദ്രങ്ങളിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. വന സംരക്ഷണ സമിതികളും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും തയ്യാറാക്കുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്. ട്രെക്കിംഗ്, വനശ്രീ ചെറുകിട പദ്ധതി എന്നിവയിലൂടെ ആദിവാസി കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ടെന്നും ഗൈഡുകളായി പരിചയ സമ്പന്നരായ ആളുകളെ നിയോഗിക്കുന്നുണ്ടെന്നും സഞ്ചാരികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ഫോറസ്റ്റ് ഗാർഡിന്റെ സേവനം ലഭ്യമാക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഇക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും ടിക്കറ്റ് കൗണ്ടർ കമ്പ്യൂട്ടർവത്കരിക്കുന്നതിനും പ്രകൃതിപഠന ക്യാമ്പുകൾ, വനസമ്പത്ത് നേരിൽ കണ്ട് മനസ്സിലാക്കുന്നതിനുള്ള ട്രെക്കിംഗ്, ബോട്ടിംഗ് എന്നിവ സംഘടിപ്പിക്കുന്നതിനും മുൻഗണന നൽകുന്നതാണ്. ഫോറസ്റ്റ് ഡെവലപ്മെന്റ് കമ്മിറ്റികളിലില്ലാത്ത ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അവ രൂപീകരിക്കുന്നതാണെന്നും കുടുക്കത്തുപാറ ഇക്കോ ടൂറിസം വികസിപ്പിക്കുന്നതിനും പാണിയേലിൽ പോര്-കോടനാട്-ചൂരമുടി എന്നിവ സംയോജിപ്പിച്ചുകൊണ്ട് ഇക്കോ ടൂറിസം സർക്യൂട്ട് രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു. ഒന്നിലധികം കേന്ദ്രങ്ങളിൽ സന്ദർശനം സാദ്ധ്യമാക്കുന്ന ഒറ്റത്തവണ ബുക്കിംഗ് പരിഗണനാ വിഷയമാണെന്നും ടൂറിസം

പ്രാധാന്യമുള്ള നെയ്യാർ-കോട്ടൂർ-അച്ചൻകോവിൽ, കോന്നി-ഗവി-തേക്കടി-വാഗമൺ, മൂന്നാർ-ചിന്നാർ-ഇരവികുളം, അതിരപ്പിള്ളി-വാഴച്ചാൽ-പറമ്പിക്കുളം, നെല്ലിയാമ്പതി-ശിരുവാണി-പീച്ചി-വാഴാനി, കണ്ണൂർ നോർത്ത്-വയനാട്, കൊട്ടിയൂർ-റാണിപുരം-ആറയൂർ-പരപ്പ, സൈലന്റ്‌വാലി - നിലമ്പൂർ എന്നീ സർക്യൂട്ടുകളും വയനാട് കേന്ദ്രീകരിച്ച് ഒരു പ്രത്യേകത സർക്യൂട്ടും കണ്ടൽക്കാടുകളെ അടിസ്ഥാനമാക്കി കാസർഗോഡ്-കണ്ണൂർ സർക്യൂട്ടും രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

41(* 362 ) <u>നിരോധനാജ്ഞ പുറപ്പെടുവിക്കുന്നതിനുമുമ്പ് സർക്കാർ അനുമതി</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സി.ആർ.പി.സി. സെക്ഷൻ 144 പ്രകാരം ജില്ലാ മജിസ്ട്രേട്ടിനോ സബ് ഡിവിഷണൽ മജിസ്ട്രേട്ടിനോ സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന്റെ അധികാരമുള്ള ഒരു ഉദ്യോഗസ്ഥനോ അടിയന്തര സാഹചര്യങ്ങളിൽ നിരോധനാജ്ഞ പ്രഖ്യാപിക്കാമെങ്കിലും അത്തരം ഘട്ടങ്ങളിൽ ക്രമസമാധാന പരിപാലകരെന്ന നിലയിൽ ബന്ധപ്പെട്ട പോലീസ് അധികാരികളുമായി കൂടിയാലോചിച്ചശേഷം നിരോധനാജ്ഞ പുറപ്പെടുവിക്കുന്ന കീഴ്‌വഴക്കമാണ് പൊതുവിൽ നിലനിൽക്കുന്നതെന്നും നിയമപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള കർത്തവ്യം നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥനെ മനഃപൂർവ്വമായി തടസ്സപ്പെടുത്തുന്ന

സന്ദർഭങ്ങളിൽ സെക്ഷൻ 186 പ്രകാരമുള്ള നിയമപരിരക്ഷ ഉണ്ടായിരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. ആഭ്യന്തര – പൊതുഭരണ വകുപ്പുകളുടെ കൂടിയാലോചനയില്ലാതെ മൂന്നാറിൽ നിരോധനാജ്ഞ പുറപ്പെടുവിച്ച വിഷയത്തിൽ പരിശോധന നടത്തിയിട്ടുണ്ടെന്നും ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് സ്വീകരിച്ചിട്ടുള്ള നിലപാടുകളിൽ വ്യതിയാനമുണ്ടായിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

42(* 363 ) <u>മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾവഴി തീരദേശ ലേല സമ്പ്രദായം നടപ്പിലാക്കിയതിനാൽ മത്സ്യത്തൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് രക്ഷിക്കാനും അശാസ്ത്രീയമായ മത്സ്യബന്ധനം നിയന്ത്രിക്കാനും പിടിച്ചെടുക്കാവുന്ന മത്സ്യയിനങ്ങളുടെ വലിപ്പം നിശ്ചയിക്കുന്നതിനും ഉത്തരവായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആഴക്കടൽ മത്സ്യം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷണവും ലഭ്യതയും ഉറപ്പാക്കി മത്സ്യത്തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ലഭ്യമാക്കുന്ന തരത്തിൽ വിവിധ

പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും കടൽഭിത്തി സംരക്ഷണത്തിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. സമ്പാദ്യ സമാശ്വാസ പദ്ധതിയിലെ സംസ്ഥാന വിഹിതം 1500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ചെറുമത്സ്യങ്ങൾ പിടിച്ച് വളമാക്കുന്നവർക്കെതിരെ പിഴ ഈടാക്കുമെന്നും 44 ഇനം ചെറുമത്സ്യങ്ങൾ കൂടി പിടിക്കാൻ പാടില്ലെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മത്സ്യങ്ങളുടെ വില്പനാവകാശം, മത്സ്യസമ്പത്തിന്റെ സംരക്ഷണം, മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവകാശം എന്നിവ തൊഴിലാളികളിൽ നിക്ഷിപ്തമാക്കുന്നതിനായി "കേരള അക്വേറിയൻ റിഫോംസ് ബിൽ", ഫിഷ് ഓക്ഷനിംഗ്, മാർക്കറ്റിംഗ് & ക്വാളിറ്റി മാനേജ്മെന്റ് ബിൽ 2017" എന്നിവ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിന് റവന്യൂ വകുപ്പുമായും പൊന്നാനി ഹാർബർ പ്രവർത്തനക്ഷമമാക്കുന്നതിന് മത്സ്യഫെഡുമായും ചർച്ച നടത്തുമെന്നും നബാർഡിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പുതിയൊരു ജെട്ടി നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും മണ്ണെണ്ണ വില വർദ്ധനമൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നം പരിഹരിക്കുന്നതിനായി സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ ലഭ്യമാക്കുന്നുണ്ടെന്നും മത്സ്യബന്ധനയാനങ്ങളിൽ പെട്രോൾ/ഡീസൽ എഞ്ചിനുകൾ ഉപയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും കടൽക്ഷോഭം

ചെറുക്കുന്നതിനായി പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ നബാർഡിന് സമർപ്പിച്ചിട്ടുണ്ടെന്നും അശാസ്ത്രീയമായ മത്സ്യബന്ധനം നിരുത്സാഹപ്പെടുത്തുന്നതിനും മത്സ്യങ്ങളുടെ വംശനാശഭീഷണി തടയുന്നതിനും നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

43(* 364 ) തൊഴിൽ നൈപുണ്യ രംഗത്തെ സമഗ്രവികസനം

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സ്ഥാപിതമായിട്ടുണ്ടെന്നും ഈ രംഗത്തെ സമഗ്ര വികസനത്തിനായി ആരോഗ്യ സൗന്ദര്യ സംരക്ഷണ ചികിത്സ, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഓട്ടോമേഷൻ, ആയുർവേദ-ഫിസിയോതെറാപ്പി തുടങ്ങിയ വിവിധ മേഖലകളിൽ ഒട്ടേറെ പദ്ധതികൾക്കും പരിശീലന പരിപാടികൾക്കും തുടക്കംകുറിച്ചിട്ടുണ്ടെന്നും എൻ.ഐ.സി.ഇ, ഇ.എസ്.പി.ഒ.ഐ.ആർ, സി.ആർ.ഇ.റ്റി.റ്റി., സി.എ.റ്റി.എസ്. തുടങ്ങിയ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, കൗശൽ കേന്ദ്രങ്ങൾ, എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, വെബ് അധിഷ്ഠിത ജോബ് പോർട്ടൽ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ,

ഡി.ഡി.യു.ജി.കെ.വൈ. എന്നിവ വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണെന്നും KASE ഉൾപ്പെടെയുള്ള ഗവൺമെന്റ് ഏജൻസിയിലൂടെ പരിശീലനം പൂർത്തിയായ 63297 പേരിൽ 33478 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാന നൈപുണ്യ വികസന പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി 290 കോടി രൂപയുടെ കേന്ദ്ര സഹായത്തിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടെന്നും ടി പദ്ധതികൾക്കായി സംസ്ഥാനം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്കായി ഒരു പോർട്ടൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3419 മുതൽ 3607 വരെയുള്ള ചോദ്യങ്ങളിൽ 159 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)